**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3189** **07-10-2025 - ൽ മറുപടിയ്ക്ക്**

**ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ എം മുകേഷ് ,<br>ശ്രീ വി കെ പ്രശാന്ത് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | അമച്വർ കായിക വിനോദങ്ങൾ വികസിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിഭാവനം ചെയ്ത ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി പ്രകാരം എത്ര കളിസ്ഥലങ്ങൾ നിർമ്മിക്കുവാൻ പദ്ധതിയിട്ടിട്ടുണ്ടെന്നും അതിൽ എത്ര എണ്ണം പൂർത്തിയായിട്ടുണ്ടെന്നും വിശദമാക്കുമോ; | (എ) | ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഒരു കളിക്കളത്തിന് ആവശ്യമായി വരുന്ന തുകയുടെ 50% തുക (പരമാവധി 50 ലക്ഷം രൂപ) കായിക വകുപ്പിന്റെ പദ്ധതി വിഹിതമായും ബാക്കി വരുന്ന തുക ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സ്ഥാപനങ്ങളുടെ സാമൂഹ്യപ്രതിബദ്ധതാ ഫണ്ടിൽ നിന്നുമാണ് വകയിരുത്തുന്നത്. ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതിയ്ക്കായി ജനപ്രതിനിധികളുടെ ശിപാർശ പ്രകാരം ഒന്നാംഘട്ടമായി തിരഞ്ഞെടുത്തിട്ടുള്ള 124 കളിസ്ഥലങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ടതും എം.എൽ.എ/ എം.പി/തദ്ദേശ സ്വയംഭരണ ഫണ്ട് വിഹിതം ലഭ്യമായതുമായ 117 കളിസ്ഥലങ്ങളിൽ 108 കളിക്കളങ്ങളുടെ നിർമ്മാണ പ്രവൃത്തിയ്ക്കായി സ്പോർട്സ് കേരള ഫൗണ്ടേഷൻ ഭരണാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 88 കളിക്കളങ്ങൾക്ക് പ്ലാൻ ഫണ്ടും, എം.എൽ.എ/എം.പി./ തദ്ദേശ സ്വയംഭരണ ഫണ്ടും ചേർത്ത് കായിക യുവജനകാര്യ ഡയറക്ടർ സംയുക്തഭരണാനുമതിയും നൽകിയിട്ടുണ്ട്. ഇതിൽ 81 പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സാങ്കേതികാനുമതി നൽകുകയും ദർഘാസ് ക്ഷണിക്കുകയും ചെയ്തു. അതിൽ 10 കളിക്കളങ്ങളുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. 54 പ്രവൃത്തികൾക്ക് കരാറിൽ ഏർപ്പെടുകയും വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരികയുമാണ്. 13 പ്രവൃത്തികൾക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.<br><br>പദ്ധതിയുടെ രണ്ടാംഘട്ടമായി തിരഞ്ഞെടുത്തിട്ടുള്ള 19 കളിസ്ഥലങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ടതും |

| | | | |
|---|---|---|---|
| | | | എം.എൽ.എ/എം.പി/തദ്ദേശ സ്വയംഭരണ ഫണ്ട് വിഹിതം ലഭ്യമായതുമായ 3 പ്രവൃത്തികൾക്ക് ഭരണാനുമതിക്കായുള്ള എസ്റ്റിമേറ്റ് നിർവ്വഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ സമർപ്പിച്ചിട്ടുണ്ട്. സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന 2 പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പരിശോധിച്ചുവരുകയും 3 പ്രവൃത്തികളുടെ ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുകയുമാണ്.<br><br>2025-26 സാമ്പത്തിക വർഷത്തിൽ മൂന്നാംഘട്ടമായി 36 കളിസ്ഥലങ്ങളുടെ ലിസ്റ്റിന് അംഗീകാരം നൽകുകയും, ടി ലിസ്റ്റിൽ ഉൾപ്പെട്ടതും എം.എൽ.എ/എം.പി/തദ്ദേശ സ്വയംഭരണ ഫണ്ട് വിഹിതം ലഭ്യമായതുമായ 10 പ്രവൃത്തികൾക്ക് ഭരണാനുമതിക്കായുള്ള എസ്റ്റിമേറ്റ് നിർവ്വഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ സമർപ്പിച്ചിട്ടുള്ളതുമാണ്. ആയതിൽ എം.എൽ.എ/എം.പി/തദ്ദേശ സ്വയംഭരണ ഫണ്ട് വിഹിതം ലഭ്യമായ 5 കളിക്കളങ്ങൾക്ക് പ്ലാൻ ഫണ്ടും, എം.എൽ.എ/എം.പി./തദ്ദേശ സ്വയംഭരണഫണ്ടും ചേർത്ത് കായിക യുവജനകാര്യ ഡയറക്ടർ സംയുക്തഭരണാനുമതി നൽകുകയും പ്രസ്തുത പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സാങ്കേതികാനുമതി നൽകി ദർഘാസ് ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന 4 പ്രവൃത്തികളുടെ ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് പരിശോധിച്ചുവരുകയും 12 പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുകയുമാണ്. |
| (ബി) | സംസ്ഥാനത്ത് എത്ര സ്റ്റേഡിയങ്ങൾ നിലവിലുണ്ടെന്നും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്ത് കായിക വകുപ്പിന് കീഴിലുള്ള സ്റ്റേഡിയങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | കേരളത്തിലെ പ്രധാനപ്പെട്ട സ്റ്റേഡിയങ്ങളുടെ ഉപയോഗവും ഇരിപ്പിടങ്ങളുടെ എണ്ണവും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ? | (സി) | സംസ്ഥാനത്ത് കായിക വകുപ്പിന് കീഴിലുള്ള സ്റ്റേഡിയങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം. | സ്റ്റേഡിയങ്ങൾ/ ഇൻഡോർ സ്റ്റേഡിയങ്ങൾ | നിലവിലെ സ്ഥിതി | ഉപയോഗം | ഇരിപ്പിടങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1. | സെൻട്രൽ സ്റ്റേഡിയം, തിരുവനന്തപുരം | പ്രവർത്തനക്ഷമമാണ് | ബാസ്ക്കറ്റ് ബോൾ, ക്രിക്കറ്റ്, ഫുട്ബോൾ, ഹാൻഡ്ബോൾ, വോളിബോൾ, അത്ലറ്റിക്സ്, ജിം | 5000 |
| 2 | കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയം | പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനം നടന്നു വരുന്നു | ഔട്ട്ഡോർ സ്റ്റേഡിയം | 50000 |
| 3 | വട്ടിയൂർക്കാവ് ഷൂട്ടിങ് റെയിഞ്ച്, തിരുവനന്തപുരം | പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനം നടന്നു വരുന്നു | ഷൂട്ടിങ് | ഗ്രൗണ്ട് ഫ്ലോർ -375<br>ഫസ്റ്റ് ഫ്ലോർ -366 |
| 4 | കുമാരപുരം ടെന്നീസ് കോംപ്ലക്സ്, തിരുവനന്തപുരം | പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനം നടന്നു വരുന്നു | ഔട്ട്ഡോർ/ഇൻ ഡോർ സ്റ്റേഡിയം | 480/100 |
| 5 | ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം, തിരുവനന്തപുരം | പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനം നടന്നു വരുന്നു | ഇൻഡോർ സ്റ്റേഡിയം | 2000 |
| 6 | കുന്നംകുളം ജി.എച്ച്.എസ്.എസ്. ഗ്രൗണ്ട്, തൃശ്ശൂർ | പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനം നടന്നു വരുന്നു | ഔട്ട്ഡോർ സ്റ്റേഡിയം (ഫുട്ബോൾ ടർഫ് വിത്ത് പോപ് അപ് സ്പ്രിംഗ്ളർ സിസ്റ്റം) | 3000 |
| 7 | മലപ്പുറം ഡിസ്ട്രിക്ട് സ്പോർട്സ് കോംപ്ലക്സ് സ്റ്റേഡിയം | പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനം നടന്നു വരുന്നു | ഔട്ട്ഡോർ സ്റ്റേഡിയം (ഫുട്ബോൾ) | 10000 |
| 8 | നീലേശ്വരം ഇ.എം.എസ്. സ്റ്റേഡിയം, കാസർഗോഡ് | പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനം നടന്നു വരുന്നു | ഔട്ട്ഡോർ സ്റ്റേഡിയം | 200 |
| 9 | തലശ്ശേരി വി.ആർ. കൃഷ്ണയ്യർ സ്റ്റേഡിയം, കണ്ണൂർ | പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനം നടന്നു വരുന്നു | ഔട്ട്ഡോർ സ്റ്റേഡിയം | 6000 |
| 10 | ധർമ്മടം അബു ചാത്തുക്കുട്ടി സ്റ്റേഡിയം, കണ്ണൂർ | പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനം നടന്നു വരുന്നു | ഔട്ട്ഡോർ സ്റ്റേഡിയം | 200 |
| 11. | ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം, തിരുവനന്തപുരം | | അത്ലറ്റിക്, ഖോ-ഖോ | 500 |
| 12. | ആറ്റിങ്ങൽ ശ്രീപാദം ഇൻഡോർ സ്റ്റേഡിയം, തിരുവനന്തപുരം | പ്രസ്തുത സ്റ്റേഡിയത്തിലെ ഗാലറിയുടെ പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള | ബോക്സിംഗ്, റസിലിംഗ്, കബഡി, | 200 |

| | | | | |
|---|---|---|---|---|
| | | നടപടികൾ കായിക യുവജനകാര്യാലയവും, സ്പോർട്സ് കേരള ഫൗണ്ടേഷനും മുഖേന സ്വീകരിച്ചു വരുന്നു. | ജിം | |
| 13. | ജി.വി.രാജ ഇൻഡോർ സ്റ്റേഡിയം, തിരുവനന്തപുരം | | ബാഡ്മിന്റൺ | ഇരിപ്പിട സൗകര്യമില്ല. |
| 14. | ജില്ലാ സ്റ്റേഡിയം, ഇടവ, തിരുവനന്തപുരം | പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തി കായിക യുവജനകാര്യാലവും, സ്പോർട്സ് കേരള ഫൗണ്ടേഷനും മുഖേന നടപ്പിലാക്കി വരുന്നു. | | |
| 15. | ന്യൂ ഹോക്കി സ്റ്റേഡിയം, കൊല്ലം | | ഹോക്കി, ജിം | 600 |
| 16. | ഇൻഡോർ സ്റ്റേഡിയം, കോട്ടയം | | വോളിബോൾ, ബാസ്കറ്റ് ബോൾ, റസലിംഗ്, ബാഡ്മിന്റൺ, കബഡി, ടേബിൾ ടെന്നീസ് | 1500 |
| 17. | എച്ച്.എ.റ്റി.സി ഗ്രൗണ്ട്, മൂന്നാർ, ഇടുക്കി | | ഫുട്ബോൾ, ക്രിക്കറ്റ് | നിലവിൽ ഇരിപ്പിട സൗകര്യമോ, പവലിയനോ ഇല്ല. |
| 18. | ഇൻഡോർ സ്റ്റേഡിയം, ഇടുക്കി | | വോളിബോൾ | ഇരിപ്പിട സൗകര്യമില്ല. |
| 19. | പനമ്പിള്ളി നഗർ ഫുട്ബോൾ സ്റ്റേഡിയം, എറണാകുളം | | ഫുട്ബോൾ | ഇരിപ്പിട സൗകര്യമില്ല. |
| 20. | രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയം, എറണാകുളം | | മൾട്ടി പർപ്പസ് | 1500 |
| 21. | വി.കെ.എൻ മേനോൻ ഇൻഡോർ സ്റ്റേഡിയം, തൃശ്ശൂർ | പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനം നടന്നു വരുന്നു | മൾട്ടി പർപ്പസ് കോർട്ട് | 3000 |
| 22. | മെഡിക്കൽ കോളേജ് സ്റ്റേഡിയം, പാലക്കാട് | | അത്ലറ്റിക്സ്, ഫുട്ബോൾ | 1500 |

| | | | | |
|---|---|---|---|---|
| 23 | കോട്ടപ്പടി സ്റ്റേഡിയം, മലപ്പുറം | | ഫുട്ബോൾ | 3000 |
| 24. | ഇന്ദിര പ്രിയദർശിനി ഇൻഡോർ സ്റ്റേഡിയം, മലപ്പുറം | | ബാഡ്മിന്റൺ | ഇരിപ്പിട സൗകര്യമില്ല |
| 25 | കൊയിലാണ്ടി സ്റ്റേഡിയം, കോഴിക്കോട് | | ഫുട്ബോൾ, അത്ലറ്റിക്സ് | 7000 |
| 26 | വി.കെ. കൃഷ്ണ മേനോൻ ഇൻഡോർ സ്റ്റേഡിയം, കോഴിക്കോട് | പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനം നടന്നു വരുന്നു | മൾട്ടി പർപ്പസ് | 1500 |
| 27 | നടുവണ്ണൂർ ഇൻഡോർ സ്റ്റേഡിയം | | വോളിബോൾ | ഇരിപ്പിട സൗകര്യമില്ല. |
| 28 | എം.കെ.ജിന ചന്ദ്രൻ സ്മാരക ജില്ലാ സ്റ്റേഡിയം, കൽപ്പറ്റ, വയനാട് | | അത്ലറ്റിക്സ്, ഫുട്ബോൾ, ഫെൻസിംഗ് | 500 |
| 29 | ഓംകാര നാഥൻ ഇൻഡോർ സ്റ്റേഡിയം കൽപ്പറ്റ, വയനാട് | പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. | | |
| 30 | മുണ്ടയാട് ഇൻഡോർ സ്റ്റേഡിയം, കണ്ണൂർ | പ്രസ്തുത സ്റ്റേഡിയം നവീകരണ പ്രവൃത്തികൾക്കായി പൂട്ടിയിട്ടിരിക്കുകയാണ്. | ബാസ്കറ്റ് ബോൾ, ടെന്നീസ്, ബാഡ്മിന്റൺ, വോളിബോൾ, ജിം | 5000 |
| 31 | ഇൻഡോർ സ്റ്റേഡിയം, ഉദയഗിരി, കാസർഗോഡ് | നിലവിൽ പ്രസ്തുത സ്റ്റേഡിയത്തിന്റെ പ്രവൃത്തി നടന്നു വരുന്നു. | | |
| 32 | രാജീവ് ഗാന്ധി സ്റ്റേഡിയം, കോളിയടുക്കം, കാസർഗോഡ് | | ഫുട്ബോൾ | നിലവിൽ ഇരിപ്പിട സൗകര്യമോ, പവലിയനോ ഇല്ല. |
| 33 | പയ്യനാട് ഫുട്ബോൾ സ്റ്റേഡിയം, മലപ്പുറം | | ഫുട്ബോൾ | 15000 |

**സെക്ഷൻ ഓഫീസർ**